"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം - 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചത് - കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 191 (2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 271 ജെ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.2340/2023/LSGD തീയതി,തിരുവനന്തപുരം, 27-11-2023

പരാമർശം:-
1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/06/2023 തീയതിയിലെ LSGD/PD/32429/2023-VIGC1 നമ്പർ കത്ത്.
2. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിലെ 5 മെമ്പർമാർ 29/03/2023 തീയതിയിൽ എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് -ന് സമർപ്പിച്ച പരാതി.
3. എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 01/05/2023 ലെ ADP-EKM/376/2023-PA5 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായും ബജറ്റ് അവതരണം സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ പരാമർശം (2) പ്രകാരം നൽകിയ പരാതിയിൽ അന്തിമ തീരുമാനം എടുക്കുന്നതിനും സ്പഷ്ടീകരണം നൽകുന്നതിനുമായി പരാതിയും അന്വേഷണ റിപ്പോർട്ടുകളും അനുബന്ധ രേഖകളും ലഭ്യമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും താഴെപ്പറയുന്ന വീഴ്ചകൾ സംഭവിച്ചതായി ചൂണ്ടിക്കാട്ടുകയും ചെയ്തിട്ടുണ്ട്:-

- ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിലെ 23.02.2023 തീയതിയിലെ 3-ാം നമ്പർ തീരുമാനം തിരുത്തൽ വരുത്തി തെറ്റായ തീരുമാനം എഴുതി ചേർത്തിട്ടുള്ളതായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിലെ 3 അംഗങ്ങൾ ആരോപിക്കുന്ന സാഹചര്യത്തിൽ യോഗനടപടിക്രമങ്ങൾ പാലിക്കുന്നതിൽ സുതാര്യതയുണ്ടായിട്ടില്ല.
- യോഗനടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിലും യഥാസമയം മിനിറ്റ്സ് ക്ലോസ് ചെയ്യുന്നതിനും ഉദ്യോഗസ്ഥരുടെ ഭാഗത്തും യോഗാധ്യക്ഷന്റെ ഭാഗത്തും വീഴ്ച ഉണ്ടായിട്ടുണ്ട്.
- ബജറ്റ് കണക്കുകൾ തയ്യാറാക്കി സുതാര്യമായി നടപടിക്രമങ്ങൾ പാലിച്ച്

അംഗീകരിക്കുന്നതിനെ ലാഘവത്തോടെ കണ്ടത് ഗുരുതരമായ വീഴ്ചയാണ്.

- പരാതി വിഷയം ഭരണസമിതി തലത്തിലെ അഭിപ്രായ ഭിന്നതകൾ ആയതിനാലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ തന്നെയാണ് പരാതിക്കാർ എന്ന വസ്തുതയും ഗൗരവമായി കാണേണ്ടതാണ്.

2) പരാമർശം (2)-ലെ പരാതി ജോയിന്റ് ഡയറക്ടർ തലത്തിൽ പരിഗണിച്ച് പരിഹരിക്കുന്നതിന് സാധ്യമല്ലാത്തതിനാൽ ഓംബുഡ്സ്മാൻ പോലുള്ള നിയമ സംവിധാനത്തിന്റെ പരിഗണനയ്ക്കായി സർക്കാരിലേയ്ക്ക് കൈമാറുന്നതിനായി എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലെ 23/02/2023 തീയതിയിലെ 3-ാം നമ്പർ തീരുമാനം പ്രഥമദൃഷ്ട്യാ നിയമവിരുദ്ധമാണെന്നു കാണുന്നു. ആയതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 191(4) പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കൊണ്ട്, പരാമർശം (1), (3) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 191 (2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 271 ജെ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം.
സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ [LSGD-EM1/203/2023-LSGD ]

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
സെക്ഷൻ ഓഫീസർ
Date: 27-11-2023 15:33:28

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.